മൾട്ടിപ്ലക്സ്, എക്സിക്യൂട്ടീവ് ലോഞ്ച്

'എത്ര മനോഹരമായ സ്വപ്നം'

■ സ്വകാര്യ ഗ്രൂപ്പുകൾ തിയേറ്ററുകൾ തുറക്കുമ്പോൾ കെ.എസ്.എഫ്.ഡി.സി പദ്ധതി ഫയലിൽ

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: ഈഞ്ചയ്ക്കലിലെ മാൾ ഒഫ് ട്രാവൻകൂറിൽ ഏഴ് ആഡംബര തിയേറ്ററുകൾ. കാര്യവട്ടത്ത് ഉറന്നത് അഞ്ച് സ്ക്രീനുകൾ. പാറ്റൂരിൽ ബഡ്ഡാ സെറ്റപ്പിൽ നാല് തിയേറ്ററുകൾ വരാൻ പോകുന്നു.

തലസ്ഥാനത്ത്ഇതിനൊക്കെ മുമ്പേ പ്രഖ്യാപിച്ച ഒരു മൾട്ടിപ്ലക്സ് തിയേറ്റർ കോപ്ലക്സ് പ്രഖ്യാപനമുണ്ട്, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ വക.

പറഞ്ഞു തീരുംമുമ്പേ സ്വകാര്യ ഗ്രൂപ്പ് പന്ത്രണ്ട് യെമണ്ടൻ തിയേറ്ററുകൾ തുറന്നു കഴിഞ്ഞപ്പോഴും സർക്കാർ തിയേറ്റർ പദ്ധതി ഫയലിനള്ളിൽ പൊടിപിടിച്ചുതുടങ്ങി. നഗരത്തിൽ ഏറ്റവും കൂടുതൽ ആളുകൾ വന്നു പോകുന്ന തമ്പാനൂരിലെബസ്ടെർമിനൽകോപ്ലക്സിലാണ് കെ.എസ്.എഫ്.ഡി.സി മൾട്ടിപ്ലക്സ് പണിയാൻ തീരുമാനിച്ചിരുന്നത്.

തമ്പാനൂരിൽ മൂന്നു തിയേറ്റർ തുറക്കാനായിരുന്നു കെ.എസ്.എഫ്.ഡി.സി ആദ്യം പദ്ധതിയിട്ടിരുന്നത്. ഇതു സംബന്ധിച്ച് കെ.ടി.ഡി.എഫ്.സിയുമായി ചർച്ച നടത്തി. പിന്നെ മൂന്നു തിയേറ്ററുകൾ വേണ്ട, ഒന്നുമതിയെന്ന് കെ.എസ്.എഫ്.ഡി.സി തീരുമാനിച്ചു.

തിയേറ്റർ ലോഞ്ചിനൊപ്പം ഒരു എക്സിക്യൂട്ടീവ് ലോഞ്ച്കൂടി നിർമ്മിക്കാൻ തീരുമാനിച്ചു.

നൂറു തിയേറ്റർ നിർമ്മിക്കാൻ 100 കോടി രൂപ 2017ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ആ നൂറു കോടിയിൽ കണ്ണുവച്ചാണ് ഈ പദ്ധതികളെല്ലാം കെ.എസ്.എഫ്.ഡി.സി ആസൂത്രണം ചെയ്തത്. പക്ഷേ, സർക്കാർ കോർപ്പറേഷന് ഇതുവരെ പണം നൽകിയിട്ടില്ല. ഇതുവരെ ചിറ്റൂരിൽ രണ്ട് തിയേറ്റർ മാത്രമാണ് നിർമ്മിച്ചത്. അത് മേയ് ഒന്നിന് ഉദ്ഘാടനം ചെയ്യും

" തമ്പാനൂർ ബസ് ടെർമിനലിലെ തിയേറ്റർ പദ്ധതി കെ.എസ്.എഫ്.ഡി.സി ഉപേക്ഷിച്ചിട്ടില്ല. സംസ്ഥാനത്താകെ നടപ്പിലാക്കുന്ന പദ്ധതിയുമായി മുന്നോട്ടു പോവുകയാണ്. സാമ്പത്തിക പ്രശ്നം ഉണ്ടെന്നത് നേരാണ്. കെ.ടി.ഡി.എഫ്.സിയുമായി ധാരണയായി കഴിഞ്ഞു"

- ലെനിൻ രാജേന്ദ്രൻ ചെയർമാൻ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷൻ

എക്സിക്യൂട്ടീവ് ലോഞ്ച് പദ്ധതി

ബസ് ടെർമിനലിൽ എത്തുന്നവർക്ക് ഒന്നു കിടക്കാനോ ഇരിക്കാനോ വാഷ് റൂമിൽ പോയി ഫ്രഷാകാനോ ഒക്കെയുള്ള സൗകര്യങ്ങളോടുകൂടി ഒരു എക്സിക്യൂട്ടീവ് ലോഞ്ച് നിർമ്മിക്കാനായിരുന്നു കെ.എസ്.എഫ്.ഡി.സി പദ്ധതി.

അന്താരാഷ്ട്ര വിമാനത്താവളങ്ങളിലുള്ള എക്സിക്യൂട്ടീവ് ലോഞ്ചിന്റെ മാതൃകയിൽ തമ്പാനൂർ ബസ് ടെർമിനലിലും പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. സംഗതി യാഥാർത്ഥ്യമായിരുന്നുവെങ്കിൽ എക്സിക്യൂട്ടീവ് ലോഞ്ചുള്ള രാജ്യത്തെ ആദ്യത്തെ ബസ് ടെർമിനലായി തമ്പാനൂർ മാറുമായിരുന്നു.

ഹൈടെക് സംവിധാനം

■ എക്സിക്യൂട്ടീവ് ലോഞ്ചിൽ കിടക്കാൻ സാധിക്കുന്ന രീതിയിലുള്ള സീറ്റുകളുണ്ടാകും. ഭക്ഷണവും ലഭിക്കും. കിടക്കണമെങ്കിൽ ഇരിപ്പിടത്തിലെ ഒരു നോബ് വലിച്ചാൽ അത് കിടക്കയാകും.

■ മണിക്കൂർ നിരക്കിലാകും വാടക നൽകേണ്ടത്. എത്ര രൂപയാണെന്ന് നിർമ്മാണം പൂർത്തിയായ ശേഷം നിശ്ചയിക്കും

ന്യൂസിലാൻഡിലെ ടീച്ചിംഗ് സാദ്ധ്യതാ സെമിനാർ

തിരുവനന്തപുരം: നാലാഞ്ചിറ മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജിലെ പ്ലേസ്മെന്റ് അസിസ്റ്റന്റ് സെല്ലിന്റെ നേതൃത്വത്തിൽ ന്യൂസിലാൻഡിലെ ടീച്ചിംഗ് സാദ്ധ്യതകൾ എന്ന വിഷയത്തിൽ ബുധനാഴ്ച രാവിലെ 9 ന് കോളേജ് ഓഡിറ്റോറിയത്തിൽ സെമിനാർ സംഘടിപ്പിക്കും. പ്രമുഖ രാജ്യാന്തര വിദ്യാഭ്യാസ കൺസൾട്ടൻസി സർവീസായ ഐ.ഡി.പി എഡ്യൂക്കേഷൻ സർവീസസിന്റെ സഹകരണത്തോടെയാണിത്.

പരിശീലനം ലഭിച്ച അദ്ധ്യാപകർ, വിദ്യാർത്ഥികൾ, തൊഴിൽ അന്വേഷകർ എന്നിവർക്ക് പങ്കെടുക്കാം. ന്യൂസിലാൻഡ് പ്രതിനിധി നാഹിദ കോൾഹോക്ലാസ് നയിക്കും.

അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. പ്രവേശനം സൗജന്യം, വിവരങ്ങൾക്ക് : 9846377011, 9387829922.

കേരള യൂണിവേഴ്സിറ്റിക്കും എസ്.സി കണക്ക് പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ നീതു. സി. എസ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥിനിയും പാറശാല നിഷിത നിവാസിൽ മംഗലയ്യൽ ശിവാനന്ദന്റെയും ചന്ദ്രികയുടെയും മകളുമാണ്.

പ്ലസ്ടു വിദ്യാർത്ഥിയെ നാലംഗസംഘം മർദ്ദിച്ചു

വെള്ളറട: സഹപാഠിയുടെ വിവാഹത്തിൽ പങ്കെടുക്കാനെത്തിയ പ്ലസ് ടു വിദ്യാർത്ഥിയെ നാലംഗസംഘം മർദ്ദിച്ചതായി പരാതി. ആറാട്ടുകുഴി വസന്ത വിലാസത്തിൽ ബാലന്റെ മകൻ നിഖിൽ (18) നെയാണ് ഇന്നലെ ഉച്ചയ്ക്ക് പനച്ചമൂട് കന്യാ കല്യാണ മണ്ഡപത്തിന് സമീപം മർദ്ദനമേറ്റത്.

നിഖിൽ വെള്ളറട സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി. പിതാവ് ബാലൻ വെള്ളറട പൊലീസിൽ പരാതി നൽകി. അന്വേഷണം ആരംഭിച്ചതായി എസ്.ഐ വിജയകുമാർ പറഞ്ഞു.

മികവുത്സവം

കഴക്കൂട്ടം: കാര്യവട്ടം ഗവൺമെന്റ് യു.പി.എസിൽ മികവുത്സവം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. ഡോ. നട്ടവട്ടം ഗോപാലകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. കൗൺസിലർ കെ.എസ്. ഷീല, എസ്.എം.സി ചെയർമാൻ ഡോ. സി സതീഷ് കുമാർ. സ്വാഗതസംഘം ചെയർമാൻ പാങ്ങപ്പാറ മോഹനൻ, ഹെഡ്മിസ്ട്രിസ് ബേബി ഷമ്മി ഗഫൂർ എന്നിവർ പങ്കെടുത്തു. ഡോക്യുമെന്ററി പ്രദർശനവും ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു.

അവധിക്കാല പഠനക്ലാസ്

തിരുവനന്തപുരം: എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയനിലെ കുമാരി-കുമാര സംഘങ്ങളിലെ കുട്ടികൾക്കായി എല്ലാ ഞായറാഴ്ചയും രാവിലെ 10 മുതൽ 12 വരെ അവധിക്കാല പഠനക്ലാസ് നടത്തും. പങ്കെടുക്കാൻ താത്പര്യമുള്ള യൂണിയൻ പരിധിയിലെ ശാഖകളിലെ കുട്ടികൾ പി.കെ.എസ്.എസ് യൂണിയൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്ന് (ഫോൺ: 0471 2570707) യൂണിയൻ കൺവീനർ ആലുവിള അജിത്ത് അറിയിച്ചു.

കാട്ടുപന്നിയുടെ കുത്തേറ്റ് വീട്ടമ്മയ്ക്ക് ഗുരുതര പരിക്ക്

കല്ലറ: ഭരതന്നൂരിൽ കാട്ടുപന്നിയുടെ കുത്തേറ്റ് വീട്ടമ്മയ്ക്ക് പരിക്ക്. ഭരതന്നൂർ ഈട്ടിമുക്ക് അനന്യ ഭവനിൽ ശ്രീകലയ്ക്കാണ് (30) പരിക്കേറ്റത്. കഴിഞ്ഞ ദിവസം ഉച്ചയ്ക്ക് 2ന് ഭരതന്നൂരിന് സമീപമാണ് സംഭവം. തൃക്കോവിൽവട്ടത്ത് നിന്നും സ്കൂട്ടറിൽ ഭരതന്നൂരിലേക്ക് വരികയായിരുന്ന ശ്രീകലയെ എതിരെ വന്ന കാട്ടുപന്നി തേറ്റ കൊണ്ട് കാലിൽ കുത്തി മറിച്ചിടുകയായിരുന്നു. ഗുരുതരമായി മുറിവേറ്റ ശ്രീകലയെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

കരമന - കളിയിക്കാവിള റോഡ് വികസനം രണ്ടാംറീച്ച് ടെൻഡർ ചെയ്തു: മന്ത്രി ജി. സുധാകരൻ

തിരുവനന്തപുരം: കരമന - കളിയിക്കാവിള നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ രണ്ടാംറീച്ചായ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള ഭാഗം ടെൻഡർ ചെയ്തതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു.

കിഫ്ബി ധനസഹായത്തിൽ നടത്തുന്ന രണ്ടാം റീച്ചിന്റെ റോഡ് പണിക്ക് മാത്രമായി പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് 111.50 കോടി രൂപയ്ക്ക് അംഗീകരിച്ചു.

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കോടതി കേസുകൾ വഴിയുണ്ടായ ചെറിയ തർക്കങ്ങൾ പരിഹരിക്കാൻ എം.എൽ.എമാരും ഉദ്യോഗസ്ഥരും ഉൾപ്പെടെ നടത്തിയ ചർച്ചയിലൂടെ തീരുമാനമായി. 93 ശതമാനത്തിലധികം ഭൂമി മരാമത്ത് വകുപ്പിന് ലഭ്യമായിട്ടുണ്ട്.

പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കിലോമീറ്റർ ഭാഗത്തെ ഭൂമിയെടുപ്പ് നടപടികൾ കേസിലുള്ള ഒരാളുടേതൊഴികെ വേഗത്തിൽ പൂർത്തിയാക്കും. 266 കോടി രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനായി ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കിലോമീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭൂമിയെടുപ്പിനായി 98.1 കോടിയുടെ ഭരണാനുമതി നൽകി.

വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള കരട് അലൈൻമെന്റിന് പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ഭൂമിയെടുപ്പിന്റെ സൗകര്യാർത്ഥം ആദ്യഘട്ടമായി പള്ളിച്ചൽ വില്ലേജിൽ ഉൾപ്പെട്ട ഭൂമിയും രണ്ടാം ഘട്ടമായി അതിയന്നൂർ, കോട്ടുകാൽ വില്ലേജുകളിലെ സ്ഥലവും അക്വയർ ചെയ്യാനാണ് തീരുമാനിച്ചത്.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

'വ്യാജ' ഹർത്താൽ : ബാലരാമപുരത്ത് ഓട്ടോറിക്ഷകൾ അടിച്ചു തകർത്തു

ബാലരാമപുരം: കാശ്മീരിൽ എട്ടുവയസുകാരി കൊല്ലപ്പെട്ട സംഭവത്തിൽ സോഷ്യൽ മീഡിയ കൂട്ടായ്മ ആഹ്വാനം ചെയ്ത ഹർത്താൽ ബാലരാമപുരത്ത് അക്രമാസക്തമായി. ഹർത്താൽ അനുകൂലികൾ ബാലരാമപുരം കാട്ടാക്കട സ്റ്റാൻഡിലെ മൂന്ന് ഓട്ടോറിക്ഷകൾ അടിച്ചു തകർത്തു. ഇന്നലെ രാവിലെ 11 ഓടെയാണ് സംഭവം. ബാലരാമപുരത്ത് തുറന്ന് പ്രവർത്തിച്ച കടകൾ ഹർത്താൽ അനുകൂലികൾ നിർബന്ധിച്ച് അടപ്പിച്ചു.

രാവിലെ 9 ഓടെ നൂറോളം പ്രവർത്തകരാണ് ബാലരാമപുരത്ത് തടിച്ചുകൂടിയത്. കാട്ടാക്കട റോഡിൽ പ്രകടനം നടത്തി മടങ്ങിപ്പോയവരാണ് ഒതുക്കിയിട്ടിരുന്ന ഓട്ടോറിക്ഷകൾ അടിച്ചുതകർത്തത്. ബാബുരാജ്, അക്ബർ ഷാൻ എന്നിവരുടെ ഓട്ടോകളാണ് തകർത്തത്. ജംഗ്ഷനിൽ മൂന്ന് പൊലീസുകാർ മാത്രമാണ് ഡ്യൂട്ടിക്കുണ്ടായിരുന്നത്. സംഭവത്തെ തുടർന്ന് തൊഴിലാളി സംഘടനകൾ ബാലരാമപുരം പൊലീസിൽ പരാതി നൽകി. ആരിഫ്, ഷാനവാസ് എന്നീ യുവാക്കൾക്കെതിരെയും കണ്ടാലറിയാവുന്ന 50 ഓളം പേർക്കെതിരെയും ബാലരാമപുരം പൊലീസ് കേസെടുത്തു.

ഓട്ടോയുടെ മുൻവശത്തെഗ്ലാസ് തകർത്ത നിലയിൽ

കർശന നടപടി: സി.ഐ

ഹർത്താലിൽ ഓട്ടോറിക്ഷ തകർത്ത സംഭവത്തിൽ കർശന നടപടി സ്വീകരിക്കുമെന്ന് ബാലരാമപുരം സി.ഐ പ്രദീപ്കുമാർ പറഞ്ഞു

ഇന്ന് സർവീസ് നടത്തില്ല

ഓട്ടോ അടിച്ചുതകർത്ത സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ന് ബാലരാമപുരത്ത് സർവീസ് നടത്തില്ലെന്ന് സംയുക്ത ഓട്ടോതൊഴിലാളി യൂണിയൻ അറിയിച്ചു

പൂർവ വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം: പൂന്തുറ സെന്റ്തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ 1992-93 എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ രജത ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് 30ന് പൂർവ വിദ്യാർത്ഥി സംഗമം നടത്തുന്നു. ഫോൺ : 9544600064, 7558808800, 8156923088.

സ്മരണാഞ്ജലി (17.04.2018)

സുരേഷ് രാഘവൻ
'നന്ദനം',
P.N.R.A. (D) 35,
പൈപ്പ്‌ലെയൻ റോഡ്,
അമ്പലമുക്ക്.
0471-2431483,
9633998046.

ദൈവമേ, നിന്റെ സായൂജ്യം പരേതാത്മാവിനേകണേ!

ദുഃഖിതരായ അമ്മയും സഹോദരങ്ങളും, നന്ദിനിയും.

40th Death Anniversary (17.04.2018)

N.LEKSHMANAN NADAR
Founder
Vrindavan H.S, Vlathankara.

എട്ടാം ചരമവാർഷികം (17.04.2018)

കെ. ശ്രീധരപ്പണിക്കർ
(റിട്ട. ശിരസ്തദാർ)
ശ്രീനിലയം, കഴുവൂർ.

പരേതാത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്,
ദുഃഖിതയായ ഭാര്യ : കമലമ്മ.
മക്കൾ : S. ജയപാൽ, K.S. ഷീല, K.S. അജിത്ത്, K.S. താര,
മരുമക്കൾ : R. സുഗീത, Adv. S. മധുസൂദനൻ, V. ഉഷാകുമാരി , Dr. വിനോയ് വിഘ്നേശ്വർ,
ചെറുമക്കൾ, പേരക്കുട്ടികൾ.

www.cat.edu.in

C.A.T.
COLLEGE OF ARCHITECTURE TRIVANDRUM
CEE CODE NVR



B.ARCH. ADMISSION FOR 2018
Online admission started, Visit www.cat.edu.in

The largest number of Faculty Members | The largest number of practicing architects engage in regular teaching | The finest academic results | 10 Hi-tech Laboratories and workshops | Only stand alone Architectural College Affiliated to KTU | The finest Library | Network connectivity and accessibility | Attached Hostels for Boys and Girls | Academic activities with other National & International Institutes.

Contact Principal
COLLEGE OF ARCHITECTURE TRIVANDRUM
Thinavila, Mulayara - P.O., Thiruvananthapuram - 695 543, Kerala, Ph: 0472-2888822, Fax : 0472-2888922
Mob: 9946852251, Email: principal@collarc.com, admin@collarc.com | Website: www.cat.edu.in www.collarc.com

നാളെ സഞ്ചയനം (18.04.2018)

ഇളയിടത്തു രവി
റിട്ട. തഹസിൽദാർ, മുൻ ശക്തികുളങ്ങര പഞ്ചായത്ത് പ്രസിഡന്റ്, മുൻ ജില്ലാ കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
ഇളയിടത്ത്‌വീട്, കാവനാട്, കൊല്ലം

മാന്യരെ,
ഞങ്ങളുടെ അഭിവന്ദ്യ പിതാവും പരേതയായ ശ്രീമതി പി.റ്റി അമ്മിണിയുടെ ഭർത്താവുമായ **ശ്രീ. ഇളയിടത്തുരവി** (89) 13.4.2018 വെള്ളിയാഴ്ച നിര്യതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. ഞങ്ങളുടെ തീരാദുഃഖത്തിൽ പങ്കുചേർന്ന് ആശ്വസിപ്പിച്ച എം.പി, എം.എൽ.എ മാർ, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമുദായിക നേതാക്കൾ എന്നിവർക്കും മറ്റ് ബന്ധുമിത്രാദികൾക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. മരണാനന്തര കർമ്മങ്ങൾ 18 ന് രാവിലെ 7 ന് സ്വവസതിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതൊരറിയിപ്പായി കരുതി ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് മക്കൾ: കൈരളി.എ. ആർ, ലക്ഷ്മി.എ. ആർ,
മരുമക്കൾ: ഡോ.എസ്. ജെ.രാജേഷ് (താലൂക്ക് ആശുപത്രി, കുണ്ടറ)
ബിജു കൃഷ്ണമൂർത്തി (സുതേരു കൺസ്ട്രക്ഷൻസ്)
ചെറുമക്കൾ: ഭരത്.കെ. രാജേഷ്, മുകുന്ദ്.കെ. രാജേഷ്,
മാധവൻ.ബി.നാഥ്, നിരഞ്ജൻ.ബി. നാഥ്

സ്മരണാഞ്ജലി
വേർപാടിന്റെ 6-ാം വർഷം (16.04.2018)

T.K. പ്രഭാകരൻ
VAZHUTHAKKAD P.O., TRIVANDRUM - 14.
ദുഃഖിതരായ, ഭാര്യ : K. PRASANNA KUMARI.
മക്കൾ : Dr. P. KRISHNA KUMAR (Cardiologist).
Dr. P. PARVATHY (Radiologist),
മരുമകൻ : ARVIND DINAKAR (Architect, Infosys),
ചെറുമക്കൾ : KARTHIK ARVIND, AISHWARYA ARVIND.